# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2943 10.03.2017 ൽ മറുപടിക്ക്

**ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ലഭ്യമായി ഭരണാനുമതി ലഭിച്ച ഞെക്കാട് ഗവൺമെന്റ് ഹൈസ്കൂൾ മന്ദിര നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ടി പ്രവൃത്തികൾക്ക് മണ്ണ് പരിശോധനയ്ക്കായുള്ള കരാർ ആയിട്ടുണ്ട്. |
| (ബി) ഭരണാനുമതി ലഭിച്ച ആറ്റിങ്ങൽ പോളിടെക്നിക് മന്ദിര നിർമ്മാണം എന്തായി; വിശദമാക്കുമോ; | |
| (സി) ഹയർ സെക്കണ്ടറി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന വക്കം ഗവൺമെന്റ് ഹൈസ്കൂൾ മന്ദിരം നിർമ്മാണം ആരംഭിക്കാനായോ; ആലംകോട് ഹൈസ്കൂൾ മന്ദിര നിർമ്മാണം ഏതു ഘട്ടത്തിലാണ്; എത്ര തുക ചെലവഴിച്ചു; | (സി) വക്കം ഗവൺമെന്റ് ഹൈസ്കൂൾ മന്ദിര നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ആലംകോട് ഹൈസ്കൂൾ മന്ദിര നിർമ്മാണത്തിനായി 193 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതുവരെയും സ്ഥലം കൈമാറി ലഭിച്ചിട്ടില്ല. തുകയൊന്നും ചെലവായിട്ടില്ല. |
| (ഡി) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് അഡീഷണൽ ബ്ലോക്ക് നിർമ്മാണം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | (ഡി) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്. രണ്ടാം നിലയുടെ സ്ട്രക്ചറൽ വർക്ക് ഭാഗീകമായിപൂർത്തിയാക്കിയിട്ടുണ്ട് |

| | | |
|---|---|---|
| (ഇ) | വലിയകുന്ന് താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായോ; നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഇ) വലിയകുന്ന് താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനായി 379 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ